കോൾ നിലങ്ങൾക്ക് സാമാന്യമായി ഒരേക്രക്ക് എന്തു വീതം വിളവുണ്ടു്?

(d) കോൾകൃഷി ചെയ്യുന്നതിന് ഏക്രക്ക് സാധാരണ എന്തു് വീതം ചിലവു് വരുന്നുണ്ടു്?

(e) കോൾ കൃഷിക്കുള്ള ചിലവുകൾ ക്രമേണ വർദ്ധിക്കുകയോ കുറയുകയോ ഏന്താണു് ഉണ്ടാകുന്നതു്. കോളുകളിൽ നിന്നുള്ള വിളവുകൾ കാലാന്തരത്തിൽ കൂടുതലോ കുറവോ സംഭവിക്കുന്നതു്?

റാവുസാഹിബ് മിസ്റ്റർ. ടി. വി. കുസ്തൂരിരങ്കയ്യർ.

(a)

	ഏക്കർ സെന്റ്.
തൃശ്ശിവപേരൂർ താലൂക്ക്	14,337—63
തലപ്പള്ളി താലൂക്ക്	1,719—60
മുകുന്ദപുരം താലൂക്ക്	1,418—44
ആകെ	17,475—67

(b) ഇപ്പോൾ പിരിക്കുന്നതു

	ക. ണ. സ.
തൃശ്ശിവപേരൂർ താലൂക്ക്	51,534— 3—1
തലപ്പള്ളി താലൂക്ക്	5,981—15—1
മുകുന്ദപുരം താലൂക്ക്	2,090—12—1
ആകെ	59,606—14—3

സെറിൽമേണ്ടിനു് മുമ്പു്.

തൃശ്ശിവപേരൂർതാലൂക്കിലെ കോൾനിലങ്ങൾക്ക് 1082-ൽ ക. 30,141-2-4 നികുതി മുതലീടുണ്ടു്. ഇതിൽ കൂടുതൽ വിവരം തരുവാൻ സാദ്ധ്യമല്ല.

(c)
(d)
(e)

ഈ വിവരങ്ങൾ കോൾകമ്മിറിയുടെ റിപ്പോർട്ടിൽ അടങ്ങീട്ടുണ്ടു്. റിപ്പോർട്ടിന്റെ ഒരു പ്രതി മേശപ്പുറത്തു് വെച്ചിട്ടുണ്ടു്.

Nambudiri *Illams.*

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി.

208. ഇതിൻ കീഴിൽ ചോദ്യംചെയ്യുന്ന സംഗതികളെ കുറിച്ചുള്ള വിവരങ്ങൾ ഈ സഭയെ ധരിപ്പിക്കുന്നതിനു് ഗവർമ്മെണ്ടിനോടു് അപേക്ഷിക്കുന്നു:—

(a) കഴിഞ്ഞ നൂറാണ്ടിനകത്തു് കൊച്ചീരാജ്യത്തു് എത്ര നമ്പൂരി ഇല്ലങ്ങൾ അന്യൻ നിന്നുപോയിട്ടുണ്ടു്?

(b) ആ വക ഇല്ലങ്ങളുടെ ആകെയുള്ള സ്വത്തു് ഉദ്ദേശം എന്തുമാത്രമുണ്ടായിരുന്നു? അതിൽ എത്ര സ്വത്തു് സർക്കാരിലേക്കു് മുതലീട്ടുണ്ടു്? എത്ര സ്വത്തുക്കൾ അന്യ ഇല്ലക്കാർക്കു് മുതലീട്ടുണ്ടു്?

റാവു സാഹിബ് മിസ്റ്റർ. ടി. വി. കുസ്തൂരിരങ്കയ്യർ.

(a) സെറിൽമേണ്ടിനു് മുമ്പുണ്ടായിട്ടുള്ള അന്യനിൽപ്പുകേസ്സുകളെല്ലാം സെറിൽമേണ്ടുസമയത്തു് അന്വേഷണം നടത്തി തീർപ്പു് കല്പിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ആ കേസ്സുകളുടെ പട്ടികവിവരം അടങ്ങിയ ബുള്ളറ്റിന്റെ ഒരു പകർപ്പ് മേശപ്പുറത്ത് വെച്ചിരിക്കുന്നു.

1085 ന ശേഷം രണ്ടില്ലങ്ങൾ അന്യം വന്നിട്ടുണ്ട്.

(b) ചെമ്മന്തട്ട വില്ലേജ് കുറിയേടത്തില്ലത്ത് ജാതവേദൻ നമ്പൂതിരിയുടെ സ്വത്തുക്കൾ ഉദ്ദേശം 1,670 രൂ. വിലക്കുള്ള സ്വത്തുക്കൾ സർക്കാരിലേക്ക് എടുത്തിട്ടുണ്ട്.

അയിനിക്കാട്ടില്ലം വക സ്വത്തുക്കളും ഇല്ലത്തേക്ക് ഉപരാഷ്ട്രയുള്ള ചോറാനിക്കര ദേവസ്വവും സർക്കാരിലേക്ക് എടുത്തിട്ടുണ്ട്.

ഇതിൽ കൂടുതൽ വിവരം തരുവാൻ സാധിക്കുന്നതല്ല.

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി.

85-ൻ ശേഷം അനന്തരം നിന്നു പോയ രണ്ടില്ലങ്ങളിൽ ഒന്നിൽ നിന്നും ഗവർമ്മെണ്ടിലേക്ക് എടുത്തിയ സ്വത്തുക്കളുടെ വില പറയുന്നുണ്ട്. രണ്ടാമത്തെ ഇല്ലത്തിൽ നിന്നും എടുത്തിയ വസ്തുക്കളുടെ വില കൂടി പറയാമോ?

റാവു സാഹിബ് മിസ്റ്റർ. ടി. വി. കസ്തൂരിരങ്കയ്യർ.

അതു ഒരു വലിയ ദേവസ്വവും അതിലുള്ള സ്വത്തുക്കളുമാണ്. വില പറയാൻ വിഷമം ഉണ്ട്. ഒരു ഫണ്ട് തന്നെ നാല്പതായിരത്തോളമുണ്ട്.

A Caste-war statement of men in the Land Revenue Department drawing Rs. 15 and above.

Mr. K. T. MATHEW.

209. Will the Government be pleased to inform

(i) the total number of men in the Land Revenue Department drawing Rs. 15 and above per mensem as salary; and of them

(ii) how many are

(a) Brahmins,

(b) Non-Brahmin caste-Hindus,

(c) Tiyyas,

(d) Other non-caste Hindus,

(e) Christians,

(f) Muhammadans, and

(g) Jews?

RAO SAHIB Mr. T. V. KASTURI RANGA AYYAR.

(i) 218.

(ii) (a) 72

(b) 125

(c) 9

(d) 1

(e) 10

(f) 1

(g) Nil

LIBRARY ARCHIVES Kerala Legislative Assembly